"ഭരണഭാഷ–മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

**KSHB ശാന്തി നഗർ, തിരുവനന്തപുരം-1.**

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ജീവനക്കാര്യം- വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ സ്ഥലംമാറ്റം അനോമലി പരിഹരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 16.09.2014 ലെ എ6/28605/14 നമ്പരായ ഉത്തരവ്.

---------------

**ഉത്തരവ് നമ്പർ: എ6/28605/2014 തീയതി: 14.10.2014**

ഈ വകുപ്പിലെ വിവിധ ഐ.ടി.ഐ കളിൽ സേവനത്തിൽ ഇരിക്കുന്ന ചുവടെ പേരു ചേർക്കുന്ന വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവ് സൂചനപ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇതിൻമേലുള്ള പരാതികൾ പരിഹരിച്ച് നൽകുന്നതിന് അപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. കാർപെന്റർ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ ആയ ശ്രീ.ജോയ് പ്രസൂണിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം കൊല്ലം ഐ.ടി.ഐ യിൽ നിന്നും മലമ്പുഴ ഐ.ടി.ഐ യിലേയ്ക്കും ശ്രീ.എ.കൃഷ്ണകുമാറിന് മലമ്പുഴ ഐ.ടി.ഐ യിൽ നിന്നും കൊല്ലം ഐ.ടി.ഐ യിലേയ്ക്കും പരസ്പരം സ്ഥലംമാറ്റം നൽകിയിരുന്നു. ശ്രീ.ജോയ്പ്രസൂൺ കൊല്ലം ഡി.ആർ.ബി മുഖേന നിയമിതനായ ഉദ്യോഗസ്ഥനാണെന്ന് പ്രിൻസിപ്പാൾ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽപറഞ്ഞ ജോയിപ്രസൂണിന്റെയും ശ്രീ.കൃഷ്ണകുമാറിന്റെയും സ്ഥലമാറ്റങ്ങൾ റദ്ദു ചെയ്തിരിക്കുന്നു.

3. എ.വി.റ്റി.എസ് കളമശ്ശേരിയിലെ മെക്കാനിക്ക് ഡീസൽ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ ആയ ശ്രീ.വിനോദ് കുമാറിനെ കാസർഗോഡ് ഐ.ടി.ഐയിലേയ്ക്കും കാസർഗോഡ് ഐ.ടി.ഐയിൽ നിന്നും ശ്രീ.അനിത് കുമാറിനെ എ.വി.റ്റി.എസ് കളമശ്ശേരിയിലേയ്ക്കും പരസ്പരം സ്ഥലംമാറ്റിയിരുന്നു. ശ്രീ.വിനോദ്കുമാർ എറണാകുളം ഡി.ആർ.ബി മുഖേന നിയമിതനായ ഉദ്യോഗസ്ഥ-നാണെന്ന് പ്രിൻസിപ്പാൾ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ശ്രീ.അനിത് കുമാറിന്റെയും വിനോദ്കുമാറിന്റെയും സ്ഥലംമാറ്റങ്ങൾ റദ്ദു ചെയ്തിരിക്കുന്നു.

4. ചെങ്ങന്നൂർ ഐ.ടി.ഐ യിലെ ഫിറ്റർ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ ആയ ശ്രീ.ആർ.അജികുമാറിനെ എ.വി.ടി.എസ് കളമശ്ശേരി യിലേയ്ക്കും ശ്രീ.സി.ജയകുമാറിനെ കളമശ്ശേരി എ.വി.റ്റി.എസിൽ നിന്നും ഏറ്റുമാനൂർ ഐ.ടി.ഐ യിലേയ്ക്കും ശ്രീ.പി.അനിൽകുമാറിനെ ഏറ്റുമാനൂർ ഐ.ടി.ഐ യിൽ നിന്നും ചെങ്ങന്നൂർ ഐ.ടി.ഐ യിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ചിരുന്നു. ശ്രീ.ആർ.അജികുമാർ അടൂർ പോളിടെക്നിക്കിൽ ഡിപ്ലോമയ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെങ്ങന്നൂർ ഐ.ടി.ഐ യിൽ തൽക്കാലം നിലനിർത്തണമെന്ന് അപേക്ഷിച്ച സാഹചര്യത്തിൽ ഫിറ്റർ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർമാരായ ശ്രീ.ആർ.അജികുമാറിനെ ചെങ്ങന്നൂർ ഐ.ടി.ഐ യിലും ശ്രീ.പി.അനിൽകുമാറിനെ ഏറ്റുമാനൂർ ഐ.ടി.ഐ യിലും ശ്രീ.സി.ജയകുമാറിനെ എ.വി.ടി.എസ് കളമശ്ശേരിയിലും നിലനിർത്തി ഉത്തരവാകുന്നു.

5. പേരാവൂർ ഐ.ടി.ഐ യിലെ എം.എം.വി ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ ആയ ശ്രീ.ബിജുപോളിനെ പള്ളിക്കത്തോട് ഐ.ടി.ഐ യിലും ശ്രീ.ഇ.ആർ.പ്രവൺകുമാറിനെ പേരാവൂർ ഐ.ടി.ഐ യിലും സ്ഥലംമാറ്റി നിയമിച്ചിരുന്നു. ടി സ്ഥലംമാറ്റം റദ്ദാക്കുന്നതിന് ടി രണ്ട് ഉദ്യോഗസ്ഥരും അപേക്ഷ നൽകിയ സാഹചര്യത്തിൽ ശ്രീ.ബിജുപോളിനെ പേരാവൂർ ഐ.ടി.ഐ യിലും ശ്രീ.ഇ.ആർ.പ്രവീൺകുമാറിനെ പള്ളിക്കത്തോട് ഐ.ടി.ഐ യിലും നിലനിർത്തി ഉത്തരവാകുന്നു.

6. കൊല്ലം ഐ.ടി.ഐ യിലെ ഇലക്ട്രീഷ്യൻ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ ആയ ശ്രീ.ശക്തിരഞ്ചനെ കട്ടപ്പന ഐ.ടി.ഐ യിലേയ്ക്കും ശ്രീ.ബിനു.എം.എൻ-നെ ചെന്നീർക്കര ഐ.ടി.ഐ യിൽ നിന്നും കൊല്ലം ഐ.ടി.ഐ യിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ചിരുന്നു. ശ്രീ.ശക്തിരഞ്ചൻ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നൽകിയതിൽ തെറ്റിദ്ധരിച്ച് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സ്ഥലംമാറ്റം നൽകിയിരുന്നത്. ടിയാന്റെ അപേക്ഷയുടെ അടിസ്ഥാന ത്തിലും നിലവിലെ സ്ഥാപനത്തിൽ ഒരു വർഷം മാത്രം പൂർത്തികരിച്ചിട്ടുള്ളതിനാലും ടി സ്ഥലംമാറ്റം റദ്ദുചെയ്യുന്നു.

7. വെൽഡർ ട്രേഡിലെ ശ്രീ.എൻ.സി സേതുമോന് രാജക്കാട് ഐ.ടി.ഐ യിൽ നിന്നും പുറക്കാട് ഐ.ടി.ഐ യിലേയ്ക്കും ശ്രീ.സാമുവൽ വർഗ്ഗീസിന് പുറക്കാട് ഐ.ടി.ഐ യിൽ നിന്നും രാജക്കാട് ഐ.ടി.ഐ യിലേയ്ക്കും സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ ഈ സ്ഥലംമാറ്റം ആവശ്യമില്ലെന്ന രണ്ടുപേരുടെയും നിലപാടുപ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കി

ശ്രീ.സേതുമോന് രാജക്കാട് ഐ.ടി.ഐ യിലേക്കും ശ്രീ.സാമുവൽ വർഗ്ഗീസിന് പുറക്കാട് ഐ.ടി.ഐ യിലും തിരികെ സ്ഥലംമാറ്റി ഉത്തരവാകുന്നു.

8. സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥരെ അതാതു സ്ഥാപന മേധാവികൾ യഥാസമയം വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:-
1. വകുപ്പ് വെബ് സൈറ്റ്
2. ഡിറ്റി/എഡിറ്റി/ജെഡിറ്റി (സിഎ)
3. എസ്.എസ് (എ)
4. എ6 സെക്ഷൻ (കരുതൽ ഫയൽ)

R/14/10/14